(സി) അതിനെപ്പറ്റി ആലോചിച്ചിട്ടില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ശ്രീ. പി. സദാശിവൻപിള്ള കമാൻഡർ ഇൻ ചീഫായി ഒരു അടിതട പരിശീലനസംഘം പ്രവർത്തിക്കുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലേ ?

ശ്രീ. എ. ജെ. ജാൺ : അടിതട പരിശീലനം നടത്തുന്ന ഒരു സംഘം പ്രവർത്തിക്കുന്നില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : മുഖ്യമന്ത്രി മേയ് 26-ാംതീയതി ഈ അടിതട കാണുന്നതിനു് പോയില്ലേ ?

ശ്രീ. എ. ജെ. ജാൺ : അടിതട കാണുന്നതിനായി പോയില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : അദ്ദേഹം അവിടെ നടന്ന ഗാർഡ് ഓഫ് ഓണർ കാണുകയും അതിനെപ്പറ്റി പ്രശംസിക്കയും ചെയ്തില്ലേ ?

ശ്രീ. എ. ജെ. ജാൺ : അതു് സേവാദളമാണു്. ആ സംഘടന പൊതുജനങ്ങൾക്കു് ആവശ്യമായ സംഗതികൾ ചെയ്യുന്നതിനുള്ളതാണു്. അതിന്റെ വിവരങ്ങൾ ആൾഇൻഡ്യാ കാൺഗ്രസ്സിൽനിന്നും പരസ്യം ചെയ്തിട്ടുള്ള ഒരു പാംഫ്ലറ്റിൽ പറഞ്ഞിട്ടുണ്ടു്. അതു ഞാൻ വായിക്കാം.

It is a body of youths who are politically conscious and do not want to run away from or be aloof from politics as it is neither possible nor advisable to do so in the interest of the democratic traditions.

It is non-military in character and activity.

It is non-sectarian in its outlook and spirit. Its object is service—voluntary and organised and with proper training. It is not merely a volunteer's body but a voluntary workers' body. It is controlled and guided by a democratic organisation—the Congress. It is an educational and cultural movement. It is above party politics and individual groups in the Congress. It is an organisation of workers who are prepared to utilise their free times for the benefit of the public in a systematic way without imposing any financial burden on the people whom they want to serve. It tries to develop an individual as a part of the society—an organisation, and an organisation as a neucleus for a greater organisation.

ഡ്രൈവറന്മാരുടെ ശമ്പളവും അലവൻസും.

* 255. [7] ശ്രീ. പി. വിശ്വംഭരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കമ്മ്യൂണിറ്റി പ്രോജക്ടുകളിലേയും എൻ. ഇ. എസ്സ്. ബ്ലോക്കുകളിലേയും ഡ്രൈവറന്മാരുടെ ശമ്പളവും അലവൻസും എത്ര ;

(ബി) മറ്റു ഡിപ്പാർട്ടുമെൻറുകളിലെ ഡ്രൈവറന്മാരുടെ ശമ്പളവും അലവൻസും നിരക്കുകൾ എന്തു് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കമ്മ്യൂണിറ്റിപ്രോജക്ട്സ് ഡ്രൈവറന്മാരുടെ ജോലി സമയം ക്രമപ്പെടുത്തിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എത്ര മണിക്കൂർ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ശമ്പളം രൂപ 30—80. അലവൻസിന്റെ തോതു് പ്രതിമാസം 45 രൂപവരെ ശമ്പളം വാങ്ങുന്നവർക്കു് 27 രൂപയും, 45 രൂപയ്ക്കു മേൽ ശമ്പളം വാങ്ങുന്നവർക്കു് 33 രൂപയുംവീതം ആകുന്നു.

(ബി) മറ്റു ഡിപ്പാർട്ടുമെന്റുകളിലെ ഡ്രൈവറന്മാരുടെ ശമ്പളവും, അലവൻസും മേൽ കാണിച്ചിരിക്കുന്ന നിരക്കുകൾ അനുസരിച്ചുതന്നെയാണു്.

(സി) ക്രമപ്പെടുത്തിയിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പി. വിശ്വംഭരൻ : ജോലിസമയം ക്രമപ്പെടുത്താത്തതുകൊണ്ടു് ഇവർക്കു് വളരെ അധികം ജോലിചെയ്യേണ്ടിയിരിക്കുന്നു എന്നറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ ഒരു ആക്ഷേപം ഇതുവരെ കിട്ടിയിട്ടില്ല.

ശ്രീ. പി. വിശ്വംഭരൻ : ജോലിസമയം ക്രമപ്പെടുത്തി കൂടുതൽ സമയം ജോലിചെയ്യുന്നവർക്കു് കൂടുതൽ അലവൻസു കൊടുക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ ഒരാക്ഷേപം ഇതുവരെ ഉണ്ടായിട്ടില്ല. കമ്മ്യൂണിറ്റി പ്രോജക്ട്സ് എന്തെങ്കിലും പിശക കണ്ടുപിടിക്കാൻ നോക്കിക്കൊണ്ടിരിക്കുന്നതിനാൽ ഇങ്ങനെ ഒരാക്ഷേപം പുറപ്പെടുവിക്കുകയാണു്.

107—ൻ് വിചാരണയിലിരിക്കുന്ന കേസുകൾ.

*256. [8] ശ്രീ. ആർ. സുഗതൻ : താഴെ പറയുന്ന ചോദ്യത്തിനു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

സ്റ്റേറിലെ എക്സിക്യൂട്ടീവും ജൂഡിഷ്യറിയും വിഭജനം നടത്തിയതിനു ശേഷവും 107—ൻ് വിചാരണയിലിരിക്കുന്ന കേസുകൾ എക്സിക്യൂട്ടീവ് മജിസ്ട്രേട്ടന്മാർക്കു് വിട്ടുകൊടുത്തിരിക്കുന്നതിനു് പ്രത്യേക കാരണങ്ങൾ എന്താണെന്നു പറയുവാൻ ദയവുണ്ടാകുമോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

ഈ സ്റ്റേറിലെ ജൂഡിഷ്യറിയും എക്സിക്യൂട്ടീവും വിഭജനം മദിരാശി സ്റ്റേറിലെ മാതൃകയിലാണു് നടത്തിയിട്ടുള്ളതു്. ആ സ്റ്റേറിൽ 107-ാം വകുപ്പിലെ കേസുകൾ എക്സിക്യൂട്ടീവു മജിസ്ട്രേട്ടിനാണു് വിട്ടുകൊടുത്തിട്ടുള്ളതു്.

ശ്രീ. ആർ. സുഗതൻ : എക്സിക്യൂട്ടീവു് മജിസ്ട്രേട്ടന്മാർക്കു് ഈ കേസുകൾ വിചാരണചെയ്യുന്നതിനുള്ള അധികാരം കൊടുത്തിരിക്കുന്നതു് ഇതിന്റെ തത്വത്തിനു ഹാനികരമാണെന്നറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly